# ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# A1-ബൈബിൾ

## പാഠം 1 - ഒരു ഗ്രന്ഥശാല

**വായനഭാഗം:**
**സങ്കീർത്തനം 119 :9– 9 –16**

**താക്കോൽ വാക്യം:**

**"ദൈവം പ്രവാചകന്മാർ മുഖാന്തരം നമ്മുടെ പിതാക്കന്മാരോട് അരുളിച്ചെയ്തു " എബ്രായർ 1 :1**

ലോകത്തിലെ ഏറ്റവും ശ്രേഷ്ഠതയുള്ള ഗ്രന്ഥമായ ബൈബിളിന്റെ പ്രാധാന്യവും പശ്ചാത്തലവും മനസ്സിലാക്കുവാൻ ഈ പഠനങ്ങൾ നിങ്ങളെ സഹായിക്കും.ദൈവത്തിൽ നിന്ന് ഉത്ഭവിച്ചതിനാൽ, "ദൈവവചനം" എന്ന് വിളിക്കുന്നു. ബൈബിൾ വായിക്കാതെയും പഠിക്കാതെയും ഒരു ക്രിസ്ത്യാനിക്കും ആത്മീയമായി വളരുവാൻ കഴിയുകയില്ല.

ബൈബിൾ ഒരു പുസ്തകമല്ല, പുസ്തകങ്ങളുടെ ഒരു ശേഖരമാണ്. "ബൈബിൾ" എന്ന ഇംഗ്ലീഷ് വാക്ക് വന്നത് "ബിബ്ലോസ്" എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ്, അതിനർത്ഥം "പുസ്തകങ്ങൾ" അല്ലെങ്കിൽ "പുസ്തകങ്ങളുടെ ശേഖരം" എന്നാണ് ബൈബിൾ ഒരു ഗ്രന്ഥശാലയാണ്.

ബൈബിൾ 66പുസ്തകങ്ങൾ ഉൾക്കൊള്ളുന്നു, ആദ്യ ഭാഗത്തെ പഴയ നിയമം (39പുസ്തകങ്ങൾ) എന്നും രണ്ടാമത്തേത് പുതിയ നിയമം (27പുസ്തകങ്ങൾ) എന്നും വിളിക്കുന്നു. "നിയമം" എന്ന വാക്കിന്റെ അർത്ഥം"ഉടമ്പടി" അല്ലെങ്കിൽ "വാഗ്ദാനം"എന്നാണ്. പഴയ നിയമം യിസ്രായേല്യരുമായുള്ള ദൈവത്തിന്റെ ഉടമ്പടിയെക്കുറിച്ചാണ്, എന്നാൽ പുതിയ നിയമം കർത്താവായ യേശുവിൽ വിശ്വസിക്കുന്ന എല്ലാവരുമായുള്ള ദൈവത്തിന്റെ ഉടമ്പടിയെക്കുറിച്ചാണ്.




കുമ്രാൻ, നിരവധി ബൈബിൾ ഗ്രന്ഥങ്ങൾ അടങ്ങിയ ചാവുകടൽ ചുരുളുകൾ കണ്ടെത്തിയ സ്ഥലം

### 1. വ്യത്യസ്ത എഴുത്തുകാർ

ആദ്യത്തെ എഴുത്തുകാരൻ മോശയും അവസാനത്തേത് അപ്പോസ്തലനായ യോഹന്നാനും. മോശയ്ക്കും യോഹന്നാനുമിടയിൽ വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നുള്ള 35 എഴുത്തുകാരെങ്കിലും ഉണ്ടായിരുന്നു. ഇവരിൽ യഹൂദപുരോഹിതന്മാരും പ്രവാചകന്മാരും രാജാക്കന്മാരും ഇടയന്മാരും മുക്കുവന്മാരും ഒരു നികുതി പിരിവുകാരനും ഒരു ഡോക്ടറും കൂടാരം നിർമ്മാതാവും ഉൾപ്പെടുന്നു. പുതിയ നിയമത്തിലെ എബ്രായർ പോലുള്ള ചില പുസ്തകങ്ങൾ അജ്ഞാതമാണ്, ആരാണ് അവ എഴുതിയതെന്ന് വ്യക്തമായ തെളിവുകൾ ഇല്ല.

ചില എഴുത്തുകാർ ഉന്നത വിദ്യാഭ്യാസം നേടിയവരായിരുന്നു. ഉദാഹരണത്തിന്, പുരാതന ഈജിപ്തുകാരുടെ ജ്ഞാനത്തിൽ മോശെ പഠിപ്പിച്ചു. ദാനിയേൽ ബാബിലോണിലെ മികച്ച സ്കൂളുകളിൽ പഠിച്ചു. യെരൂശലേമിലെ മിടുക്കനായ ഒരു യഹൂദറബ്ബിയാണ് അപ്പോസ്തലനായ പൗലോസിനെ പഠിപ്പിച്ചത്. എന്നാൽ എല്ലാ എഴുത്തുകാരും ഇതുപോലെ ആയിരുന്നില്ല. പത്രോസിനെയും യോഹന്നാനെയും ***"വിദ്യാഭ്യാസമില്ലാത്ത സാധാരണ മനുഷ്യർ"*** എന്ന് വിളിക്കുന്നു. ***(പ്രവൃത്തികൾ 4:13)*** മിക്ക എഴുത്തുകാരും പരസ്പരം സമ്പർക്കം പുലർത്തിയിരുന്നില്ല, അവരുടെ പ്രത്യേക രചനകൾ ഒരു സമ്പൂർണ്ണ പുസ്തകമാകുമെന്ന് അവർക്കറിയില്ലായിരുന്നു. വൈവിധ്യമാർന്ന എഴുത്തുകാർ ഉണ്ടായിരുന്നെങ്കിലും മുഴുവൻ ബൈബിളിനും മനുഷ്യവർഗത്തിനായുള്ളദൈവത്തിന്റെ അത്ഭുതകരമായ പദ്ധതിയെ കേന്ദ്രീകരിച്ചുള്ള ഒരു സന്ദേശമുണ്ട് എന്നത് ശ്രദ്ധേയമാണ്.



ചാവുകടൽ ചുരുളുകളുടെ ഒരു ഭാഗം

### 2. വ്യത്യസ്ത സ്ഥലങ്ങൾ

ജയിലിൽ നിന്ന് എഴുതിയ പൗലോസിന്റെ ലേഖനങ്ങൾ ചില ഉദാഹരണങ്ങളാണ്. ദാവീദിന്റെ ഒരു സങ്കീർത്തനം ഒരു ഗുഹയിൽ നിന്നാണ് രചിച്ചത് ***(സങ്കീർത്തനം 142)*** മറ്റൊന്ന് ഒരു രാത്രി ആകാശത്തെ നോക്കി രചിക്കപ്പെട്ടതാകാം! ***(സങ്കീർത്തനം 8)*** അക്കാലത്തെ നഗരങ്ങളായ യെരൂശലേം, ബാബിലോൺ, റോം എന്നീ സ്ഥലങ്ങളിൽ വെച്ചായിരുന്നു അനേകം പുസ്തകങ്ങളും എഴുതപ്പെട്ടത്.

### 3. വ്യത്യസ്ത സമയങ്ങൾ

ചില സന്ദർഭങ്ങളിൽ, ഒരു എഴുത്തുകാരന്റെയും അടുത്ത എഴുത്തുകാരന്റെയും കാലഘട്ടങ്ങൾ തമ്മിൽ നൂറുകണക്കിന് വർഷങ്ങളുടെ അന്തരം ഉണ്ടായിരുന്നു. മുഴുവൻ ബൈബിളും എഴുതപ്പെടാൻ 1500 വർഷത്തിലേറെ എടുത്തു. ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ് ഇത് പൂർത്തിയായി, അതിനാൽ ആദ്യകാല പുസ്തകങ്ങൾ വളരെ പഴക്കമുള്ളതാണ്.

### 4. വ്യത്യസ്ത ഭാഷകൾ

പുതിയ നിയമം എഴുതിയത് ഗ്രീക്കിലാണ്. പഴയനിയമത്തിന്റെ ഭൂരിഭാഗവും ഹീബ്രുവിൽ എഴുതുകയും പിന്നീട് ഗ്രീക്കിലേക്ക് വിവർത്തനം ചെയ്യുകയും ചെയ്തു.

14–ാം നൂറ്റാണ്ടിലാണ് ബൈബിൾ ആദ്യമായി ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. അതിനുശേഷം, അത് വ്യക്തവും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതുമായ വിവർത്തനത്തിനായി വളരെയധികം ജോലികൾ ചെയ്തു. അച്ചടിച്ചതും, ഡിജിറ്റൽ ഓഡിയോ ഫോർമാറ്റുകളിലും ഇപ്പോൾ ബൈബിൾ വായിക്കുവാൻ കഴിയും. 700 വ്യത്യസ്ത ഭാഷകളിലേക്ക് ബൈബിൾ മുഴുവനായും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. കോടിക്കണക്കിന് ആളുകൾ ഇപ്പോഴും അവരുടെ സ്വന്തം ഭാഷയിൽ ബൈബിൾ ലഭിക്കാൻ കാത്തിരിക്കുന്നു.

നമ്മുടെ ഭാഷയിൽ ബൈബിൾ ലഭിച്ചതിനാൽ നാം ദൈവത്തോട് വളരെ നന്ദിയുള്ളവരായിരിക്കണം.അതുകൊണ്ടാണ് നമുക്ക് അതിലെ പുസ്തകങ്ങളുടെ ഉള്ളടക്കം കണ്ടെത്താനും അതിലെ പ്രധാന സന്ദേശങ്ങൾ പഠിക്കുവാനും കഴിയുന്നത്.

**ബൈബിൾ എന്ന പഠനത്തിന്റെ രണ്ട് യൂണിറ്റുകളിൽ ആദ്യത്തേത്.**

ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# A1-ബൈബിൾ

## പാഠം 2 - ഏകത്വം

**വായനഭാഗം:**
**2 തിമൊഥിയോസ് 3 :10 –17**

**താക്കോൽ വാക്യം:**

**"എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞ വൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീക രണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു". (2 തിമൊഥിയോസ് 3 :16)**

ഈ പഠനത്തിൽ, ഒരു ഗ്രന്ഥശാലയിൽ എന്നപോലെ പഴയ നിയമത്തി ലേയുംപുതിയനിയമത്തിലേയും പുസ്തകങ്ങളെ എങ്ങനെ വിഭജിക്കാ മെന്ന് നോക്കാം.

### പഴയ നിയമം


1) **നിയമം** – ഉല്പത്തി മുതൽ ആവർത്തനപുസ്തകം വരെ
2) **ചരിത്രം** –യോശുവ മുതൽ ഇയ്യോബ് വരെ
3) **കവിത** – സങ്കീർത്തനങ്ങൾ മുതൽ ഉത്തമഗീതങ്ങൾ വരെ
4) **പ്രവചനം** – യെശയ്യാവ് മുതൽ മലാഖി വരെ

**നിയമപുസ്തകങ്ങൾ**: സൃഷ്ടി ,ജലപ്രളയം,അബ്രഹാം മുതൽ മിസ്രയീമിൽ അവർ അടിമകളായിത്തീർന്ന കാലം വരെയുള്ള യിസ്രായേൽ ജനതയുടെ വളർച്ചയെ കുറിച്ച് ഉല്പത്തി പുസ്തകം വിവരിക്കുന്നു. യിസ്രായേല്യർ മോശയ്ക്കൊപ്പം ഈജിപ്ത് വിട്ടത് എങ്ങനെയെന്നും മരുഭൂമിയിലൂടെ വാഗ്ദത്ത കാനാനിലേക്കുള്ള അവരുടെ യാത്രയെക്കുറിച്ചും പുറപ്പാട് പുസ്തകം നമ്മോട് പറയുന്നു. ലേവ്യപുസ്തകത്തിലും സംഖ്യ പുസ്ത കത്തിലും ദൈവം യിസ്രായേലിനു നൽകിയകൽപനകൾ രേഖപ്പെടു ത്തിയിരിക്കുന്നു..

**ചരിത്ര പുസ്തകങ്ങൾ** : മോശയുടെ മരണത്തെ തുടർന്നുള്ള ഏകദേശം 800വർഷത്തെ ചരിത്രം ആണ് ഈ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരി ക്കുന്നത്. മോശയുടെ മരണത്തിന് ശേഷം യോശുവയെ യിസ്രായേലിന്റെ നേതാവായി നിയമിച്ചു, അതിനുശേഷം ഗിദെയോനെയും ശിംശോനെയും പോലുള്ള ന്യായാധിപൻമാർ യിസ്രായേലിനെ ഭരിച്ചു. യിസ്രായേലിന്റെ ആ ദ്യത്തെ രാജാവ് ശൗലും പിന്നീട് ദാവീദും ആയിരുന്നു. അതിനു ശേഷം നല്ലവരും ദുഷ്ടന്മാരുമായ അനേകം രാജാക്കന്മാർ യിസ്രായേലിനെ ഭരി ക്കുകയും ഒടുവിൽ ദൈവം അവരെ ശിക്ഷിക്കുകയും 70വർഷത്തേക്ക് ആ ജനതയെ ബാബിലോണിലേക്ക്പ്രവാസത്തിൽ അയയ്ക്കുകയും ചെ യ്തു. പിന്നീട് യിസ്രായേൽ ജനതയുടെ യെരുശലേമിലേക്കുള്ള തിരിച്ചു വരവും പുനർ നിർമ്മാണവും ആണ് നെഹെമ്യാവ്, എസ്രാ എന്നിവർ രേഖപ്പെടുത്തിയിരിക്കുന്നത്.

**കവിതാപുസ്തകങ്ങൾ**: ബൈബിളിലെ ഏറ്റവും മഹത്തായ ചില രചന കൾ അടങ്ങിയിരിക്കുന്നവയാണ് ഈ പുസ്തകങ്ങൾ. സങ്കീർത്തനങ്ങൾ ദൈവവുമായുള്ള ബന്ധം വെളിപ്പെടുത്തുകയും ആരാധനയുടെ ഭാഗ മായി പാടുകയും ചെയ്യുന്നു. ശലോമോൻ രാജാവിന്റെ വാക്കുകളുടെ സമാഹാരമാണ് സദൃശവാക്യങ്ങൾ, ശലോമോന്റെ ഉത്തമഗീതം ഒരു പ്ര ണയ കാവ്യമാണ്.

**പ്രവചന പുസ്തകങ്ങൾ**: ദൈവത്തിന്റെ വക്താക്കളായ പ്രവാചകന്മാരുടെ സന്ദേശങ്ങളാണ് ഈ പുസ്തകങ്ങളിൽ ഉള്ളടങ്ങിയിരിക്കുന്നത്. ദൈവം തന്റെ ജനത്തിന് നൽകുന്ന അനുഗ്രഹങ്ങളുടേയും മുന്നറിയിപ്പിന്റെയും സന്ദേശങ്ങളാണ് പ്രവചന പുസ്തകങ്ങൾ. ചിലർ പ്രവാസത്തിന് മുമ്പ് പ്രവചിച്ചു, മറ്റുള്ളവർ അടിമത്വത്തിൽ ദാനിയേലിനെപ്പോലെയും ചിലർ യിസ്രായേലിലേക്ക് മടങ്ങിയതിന് ശേഷവും പ്രവചിച്ചു.



ഒരു തോറചുരുൾ , ഇതിൽ പഴയനിയമത്തിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങൾ അടങ്ങിയിരിക്കുന്നു

പഴയനിയമം വായിക്കുന്നതി ന്റെ മൂല്യത്തെക്കുറിച്ച് പൗലോ സ് ഇങ്ങനെയാണ് പറയുന്നത്... ***'എന്നാൽ മുന്നെഴുതിയിരിക്കു ന്നതു ഒക്കെയും നമ്മുടെ ഉപദേ ശത്തിന്നായിട്ടു, നമുക്കു തിരു വെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താ ലും പ്രത്യാശ ഉണ്ടാകേണ്ടതി ന്നുതന്നേ എഴുതിയിരിക്കുന്നു" (റോമർ 15:4)***

### പുതിയ നിയമം

1) **സുവിശേഷങ്ങളും ചരിത്രവും** – മത്തായി മുതൽ പ്രവൃത്തികളുടെ പുസ്തകം വരെ
2) **കത്തുകൾ (ലേഖനങ്ങൾ)** – റോമാ ലേഖനം മുതൽ യൂദായുടെ ലേ ഖനം വരെ
3) **പ്രവചനം** – വെളിപ്പാട്പുസ്തകം.

**സുവിശേഷങ്ങളും ചരിത്രവും** എന്ന വിഭാഗത്തിൽ കർത്താവായ യേശു വിന്റെ ജനനം, ജീവിതം, മരണം, പുനരുത്ഥാനം എന്നിവയെക്കുറിച്ചുള്ള നാല് പുസ്തകങ്ങൾ ഉൾപ്പെടുന്നു. ഇവയെ ഓരോന്നും "സുവിശേഷ ങ്ങൾ" (നല്ല വാർത്ത) എന്നു വിളിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർ ത്തനങ്ങൾ അപ്പോസ്തലന്മാരിലൂടെ പ്രധാനമായും പത്രോസിന്റെയും പൗലോസിന്റെയും പ്രവർത്തനങ്ങൾ കൂടാതെ ക്രിസ്തീയ സഭയുടെ തുടക്കവും വളർച്ചയും വിവരിക്കുകയും ചെയ്യുന്നതാണ് അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകം.

**ലേഖനങ്ങൾ** ആദ്യകാല ക്രിസ്തീയ വിശ്വാസികളുടെ കത്തുകൾ ആണ്. ഏറ്റവും ദൈർഘ്യമേറിയ കത്ത് പൗലോസ് ആണ് എഴുതിയത്, അദ്ദേ ഹം സന്ദർശിച്ച ചില സഭകളിൽ അവരുടെ സഭാ ജീവിതത്തിലും വ്യക്തി എന്ന നിലയിലും അവരെ പ്രോത്സാഹിപ്പിക്കുവാൻ ആണ് അത് എഴു തിയത്. പത്രോസ് തന്റെ കത്തുകൾ എഴുതിയത് പീഡനങ്ങളിൽ കൂടി കടന്നുപോയ വിശ്വാസികളെ ആശ്വസിപ്പിക്കുന്നതിനായിട്ടായിരുന്നു.ഈ ലേഖനങ്ങളിലെ പഠിപ്പിക്കലുകളാണ് ഇന്നത്തെ സ്ഥലം സഭകളുടെ ശു ശ്രൂഷകൾക്ക് അടിസ്ഥാനമായിരിക്കുന്നതു.

**പ്രവചന പുസ്തകം.** ഭാവിയിൽ സംഭവിക്കാൻ പോകുന്ന ചില കാര്യ ങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകമാണ് വെളിപ്പാട് പുസ്തകം.

ഈ വ്യത്യസ്ത പുസ്തകങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും, ബൈബിൾ മൊത്ത ത്തിൽ ഐക്യവും യോജിപ്പും പ്രകടമാക്കുന്നു. മോശയുടെ രചനകളിൽ വെളിപ്പെട്ടിരിക്കുന്ന അതേ ദൈവമാണ് വെളിപ്പാടിൽ അവതരിപ്പിച്ചിരി ക്കുന്നത്. ബൈബിളിന് ഒരു കേന്ദ്ര വിഷയമുണ്ട് കർത്താവായ യേശുവി ന്റെ വ്യക്തിത്വവും പ്രവൃത്തിയും ആണ് അത് അവന്റെ വരവ് പഴയനി യമത്തിൽ മുൻകൂട്ടിപ്പറയുകയും പുതിയ നിയമത്തിലേക്ക് വരുമ്പോൾ ആ സത്യങ്ങൾ നിറവേറിയതിനെക്കുറിച്ചു വിശദീകരിക്കുന്നു. ദൈവ ത്തിന്റെ രക്ഷാമാർഗം എപ്പോഴും ഒന്നുതന്നെയാണ്. ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് അവനെ കൊണ്ടുവരുന്നതിൽ ബൈബിളിന്റെ പങ്ക് വിവരിച്ചുകൊണ്ട് പൗലോസ് തിമോഥിയോസിനോട് വിവരിച്ചു പറയുന്നു ണ്ട്... ***"നീയോ ഇന്നവരോടു പഠിച്ചു എന്നു ഓർക്കുകയും ക്രിസ്തുയേ ശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറികയും ചെയ്യുന്നതു കൊണ്ടു നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക." ( 2തിമോഥിയോസ് 3 :15 )***

ബൈബിളിലെ എല്ലാ പുസ്തകങ്ങളിലും ദൈവത്തിന്റെ മനസ്സ് വെളി പ്പെടുത്തിയിട്ടുണ്ടെന്നു ബൈബിൾ തന്നെ വ്യക്തമാക്കുന്നുണ്ട്. ***"എല്ലാ തിരുവെഴുത്തുകളും ദൈവശ്വാസീയമാണ്"" (2തിമൊഥെയൊസ്3:16)*** എന്ന വാക്യം അനുസരിച്ച് തിരുവെഴുത്തുകൾ നാല് വഴികളിൽ പ്രയോജ നപ്പെടുന്നുണ്ട് സത്യം പഠിപ്പിക്കുന്നതിനും, (ഉപദേശത്തിന്) തെറ്റ് ചൂ ണ്ടിക്കാണിക്കുന്നതിന് (ശാസന), കാര്യങ്ങൾ എങ്ങനെ ചെയ്യണം എന്ന് കാണിക്കുവാൻ (ഗുണീകരണം) എങ്ങനെ പ്രായോഗികതലത്തിൽ ഉപയോ ഗിക്കാം (നീതിയിലെ അഭ്യസനത്തിനു) എന്നിവയാണ് 4 പ്രയോജനങ്ങൾ.

**ബൈബിൾ എന്ന പഠനത്തിന്റെ രണ്ട് യൂണിറ്റുകളിൽ ആദ്യത്തേത്.**

# ഉത്തരക്കടലാസ്

## A1-ബൈബിൾ

### പാഠം 1 - ഒരു ഗ്രന്ഥശാല

അദ്ധ്യാപകന്റെ അഭിപ്രായം:

പേര്: ______________________

വിലാസം: ______________________

**1. ഓരോ വാക്യങ്ങളും ശരിയോ തെറ്റോ എഴുതുക** / 5

A) ബൈബിൾ എഴുതാൻ ദൈവം ഉപയോഗിച്ചത് വിദ്യാഭ്യാസമുള്ളവരേയും ബുദ്ധിയുള്ളവരേയും മാത്രമാണ്. ________

B) പുതിയ നിയമത്തിൽ 27 പുസ്തകങ്ങളും പഴയ നിയമത്തിൽ 39 പുസ്തകങ്ങളും ഉണ്ട്. ________

C) ക്രിസ്തുവിന്റെ കാലഘട്ടത്തിനു മുൻപേ ബൈബിൾ പൂർത്തീകരിക്കപ്പെട്ടു. ________

D) ബൈബിളിലെ എല്ലാപുസ്തകങ്ങളും ആരാണ് എഴുതിയതെന്ന് നമുക്ക് വ്യക്തമായി അറിയാം. ________

E) മുഴുവൻ ബൈബിളും എഴുതപ്പെടാൻ 1500 വർഷം എടുത്തു. ________

**2. ബൈബിളിലെ ഏറ്റവും ദൈർഘ്യമേറിയ അദ്ധ്യായമാണ് *സങ്കീർത്തനം 119*. മിക്ക വാക്യങ്ങളും ബൈബിളിന്റെ പര്യായ പദങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ബൈബിളിനെ കുറിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന 4 വ്യത്യസ്ത പദങ്ങൾ കണ്ടുപിടിച്ചു എഴുതുക *(വാക്യങ്ങൾ 9 – 16)*** / 4

A ________ B ________ C ________ D ________

**3. *സങ്കീർത്തനം 119: 9– 16* വായിച്ച് താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്ന വാക്യ ഭാഗം എഴുതുക.** / 5

A) എഴുത്തുകാരൻ ദൈവവചനം എവിടെ സംഗ്രഹിച്ചുവെന്നാണ് പറയുന്നത്.

________

B) ഇത് ചെയ്യാനുള്ള കാരണം വിശദീകരിക്കുന്നു.

________

C) എങ്ങനെ നമുക്ക് ജീവിതത്തെ നിർമലമാക്കിത്തീർക്കാം

________

D) ദൈവവചനംഎന്ത് പറയുന്നുഎന്നതിനെക്കുറിച്ചുള്ളചിന്തകൾ സങ്കീർത്തനക്കാരൻ പ്രസ്താവിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്.

________

E) നാം എപ്പോഴും ദൈവവചനം അനുസരിക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

________

**4. താഴെ പറയുന്ന വാക്യങ്ങൾ വായിച്ചു ഓരോ എഴുത്തുകാരന്റെയും പേരും ജോലിയും രേഖപ്പെടുത്തുക** / 8

| | വാക്യം | എഴുത്തുകാരൻ | ജോലി |
|---|---|---|---|
| 1. | *ദാനിയേൽ 2:48* | ________ | ________ |
| 2. | *ആമോസ് 1: 1* | ________ | ________ |
| 3. | *മത്തായി 9:9* | ________ | ________ |
| 4. | *കൊലൊസ്സ്യർ 4: 14* | ________ | ________ |

**5. *1 പത്രോസ് 1: 23 – 25* വരെയുള്ള വാക്യങ്ങൾ വായിച്ച് ബൈബിൾ എന്നേക്കും നിലനിൽക്കുന്നു എന്നുള്ളതിന് പത്രോസ് പറയുന്ന കാരണം നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.** / 3

________

________

________

**6. ചിന്തിക്കുക: ബൈബിൾ വായിക്കുന്നത് നിങ്ങൾക്ക് എങ്ങനെ സഹായകമായെന്ന് വിശദീകരിക്കുക.**

________

________

________

________

ആകെ മാർക്ക് / 25

# ഉത്തരക്കടലാസ്സ്

## A1-ബൈബിൾ

### പാഠം 2 - ഏകത്വം

**അദ്ധ്യാപകന്റെ അഭിപ്രായം:**

**1. താഴെ പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകങ്ങൾ ഏതാണെന്ന് എഴുതുക.** / 8

A) ക്രിസ്തീയ സഭയുടെ ആരംഭം? ____________

B) ശലോമോന്റെ ജ്ഞാനവചനങ്ങൾ? ____________

C) ആരാധനാകീർത്തനങ്ങൾ? ____________

D) ഗിദെയോന്റെയും ശിംശോന്റെയും കഥകൾ? ____________

E) യിസ്രായേൽ ജനം ബാബിലോണിൽ പ്രവാസ കാലത്ത് എഴുതിയ ഒരു പ്രവചനം? ____________

F) യെരുശലേമിലേക്കുള്ള യിസ്രായേലിന്റെ മടങ്ങി വരവ് രേഖപ്പെടുത്തിയ പുസ്തകം? ____________

G) മോശയ്ക്കൊപ്പം ഇസ്രായേൽ ജനം മിസ്രയീമിൽ നിന്ന് പുറപ്പെട്ടത്? ____________

H) ഭാവിയെക്കുറിച്ചുള്ള പുതിയ നിയമ പ്രവചനങ്ങൾ? ____________

**2. താഴെ കൊടുത്തിരിക്കുന്ന അഞ്ച് വാക്യങ്ങളിൽ യേശുവിനെക്കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങൾ ആണ്. അതിനോടനുബന്ധിച്ചുള്ള പുതിയ നിയമ ഭാഗങ്ങൾ വായിച്ചു ഈ പ്രവചനങ്ങൾ എങ്ങനെ നിവൃത്തിയായി എന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.** / 5

| | പഴയനിയമ പ്രവചനം | പുതിയനിയമ നിവൃത്തി | എന്താണ് നിവൃത്തിയായത്? |
|---|---|---|---|
| *1* | *സങ്കീർത്തനം 69:21* | *യോഹന്നാൻ 19:28, 29* | ____________ |
| *2* | *ഹോശേയ 11:1* | *മത്തായി 2:15* | ____________ |
| *3* | *യെശയ്യാവ് 7:14* | *മത്തായി 1:22, 23* | ____________ |
| *4* | *യെശയ്യാവ് 53:5* | *1പത്രോസ് 2:24* | ____________ |
| *5* | *സങ്കീർത്തനം 22:1* | *മത്തായി 27:46* | ____________ |

പഴയനിയമത്തിലെ 400ലധികം പ്രവചനങ്ങൾ പുതിയ നിയമത്തിൽ നിവൃത്തിയേറിയിരിക്കുന്നു എന്നത് ബൈബിളിന്റെ നിസ്തുല്യതയെ തെളിയിക്കുന്നു

**3. കർത്താവായ യേശു പറഞ്ഞു, "നിങ്ങൾ തിരുവെഴുത്തുകളെ ശോധനചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടു എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു"** ***(യോഹന്നാൻ 5:39)*** **അവൻ പഴയ നിയമത്തെ പരാമർശിക്കുകയായിരുന്നു. കർത്താവായ യേശുവിനെക്കുറിച്ചുള്ള ഓരോ പഴയനിയമ വാക്യങ്ങളിൽ നിന്നും ഒരു പ്രധാന വസ്തുത എഴുതുക.** / 5

*A) യെശയ്യാവ് 9:6* ____________

*B) സെഖര്യാവ് 9: 9* ____________

*C) മീഖാ 5: 2* ____________

*D) യെശയ്യാവ് 53: 6* ____________

*E) യെശയ്യാവ് 61: 1* ____________

**4. ബൈബിളിലെ പുസ്തകങ്ങൾ ഒരു സമ്പൂർണ്ണ ഐക്യം വെളിപ്പെടുത്തുന്നു. ഇതിന്റെ അർത്ഥമെന്താണെന്ന് വിശദീകരിക്കുക.** / 3

____________

____________

____________

**5. *1 തിമോത്തി 3: 16ൽ* പറഞ്ഞിരിക്കുന്ന നാല് കാര്യങ്ങൾ നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക** / 4

____________

____________

____________

____________

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്
## A1-ബൈബിൾ
### പാഠം 3 - ദൈവവചനം

**അദ്ധ്യാപകന്റെ അഭിപ്രായം:**

**1. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 6

A) "ബൈബിൾ ദൈവനിശ്വാസീയമാണ് " എന്ന് പറയുന്നതിന്റെ അർത്ഥമെന്താണ്?

B) പഴയ നിയമത്തിലെ ചില വാക്യങ്ങൾ ഇതിനെ പിന്തുണയ്ക്കാൻ നൽകുക.

C) പുതിയ നിയമത്തിലെ ചില വാക്യങ്ങൾ ഇതിനെ പിന്തുണയ്ക്കാൻ നൽകുക.

**2. ഒരു "സഹായകൻ", എന്നനിലയിൽ എങ്ങനെയാണ് പരിശുദ്ധാത്മാവ്, യേശു പറഞ്ഞ കാര്യങ്ങൾ എഴുതുന്നതിൽ അപ്പോസ്തല ന്മാരെ സഹായിച്ചത് ?** / 4

**എന്തുകൊണ്ടാണ് അവർക്ക് അത്തരം സഹായം ആവശ്യമെന്ന് നിങ്ങൾ കരുതുന്നത് ?**

**3. *2 പത്രോസ് 1: 16 – 21* വായിക്കുക.** / 6

A) പത്രോസ് എന്തിനാണ് ദൃക്സാക്ഷിയായിരുന്നത്? ***(വാക്യം 16)***

B) യേശുവിനോടൊപ്പം മലയിൽ ആയിരുന്നപ്പോൾ പത്രോസ് എന്താണ് കേട്ടത്? ***(വാക്യങ്ങൾ 17– 18)***

C) താക്കോൽ വാക്യത്തിന്റെ ***(വാക്യം 21)*** അർത്ഥം നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.

**4. ബൈബിളിൽ കൂടിയാണ് ലോകത്തെക്കുറിച്ചുള്ള തന്റെ ഉദ്ദേശ്യങ്ങൾ ദൈവം വെളിപ്പെടുത്തിയത്.** / 6

A) ദൈവം തന്റെ വചനം ലോകത്തിനു വെളിപ്പെടുത്താൻ ആരെ ഉപയോഗിച്ചു?

B) എന്തിനാണ് ദൈവം തന്റെ ഉദ്ദേശ്യങ്ങൾ നമുക്ക് വെളിപ്പെടുത്തി തന്നത് ?

C) എന്തുകൊണ്ടാണ് അവന്റെ വെളിപ്പാടുകൾ എഴുതേണ്ടി വന്നത്?

**5. തിരുവെഴുത്തുകളുടെ "നിശ്വാസീയത" ക്രിസ്തീയ വിശ്വാസത്തിൽ വളരെ പ്രധാന്യം അർഹിക്കുന്നതെന്തുകൊണ്ട്?** / 3

**ചിന്തിക്കുക:** ദൈവം തന്റെ വചനത്തിലൂടെ എപ്പോഴെങ്കിലും നിങ്ങളോട് സംസാരിച്ചിട്ടുണ്ടോ? അങ്ങനെയെങ്കിൽ, അത്തരം ഒരു സന്ദർഭത്തെക്കുറിച്ച് കുറച്ച് എഴുതുക.

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A1-ബൈബിൾ

### പാഠം 4 - വായിക്കുവാനുള്ള പുസ്തകം

അദ്ധ്യാപകന്റെ അഭിപ്രായം:

1. ***സങ്കീർത്തനം 119: 97–105*** **വരെയുള്ള വാക്യങ്ങൾ വായിക്കുക. ഏത് വാക്യങ്ങളിലാണ് താഴെ പറയുന്ന കാര്യങ്ങൾ സങ്കീർത്തനക്കാരൻ പരാമർശിക്കുന്നത് :** / 5

   A) ദൈവവചനത്തോടുള്ള തന്റെ സ്നേഹം? ______

   B) ദൈവവചനത്തെക്കുറിച്ചുള്ള തന്റെ ധ്യാനം? ______

   C) ദൈവവചനത്തോടുള്ള തന്റെ അനുസരണം? ______

   D) ദൈവവചനത്തിന്റെ പ്രയോജനങ്ങൾ? ______

   E) ദൈവ വചനം തന്നെ നയിക്കുന്നത് ? ______

   (നാം മുമ്പ് വിശദീകരിച്ചതുപോലെ, ***സങ്കീർത്തനം 119*** ൽ ദൈവവചനത്തെപരാമർശിക്കാൻ വ്യത്യസ്ത വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്).

2. ***സങ്കീർത്തനം 1*** **വീണ്ടും വായിക്കുക.** / 6

   A) ബൈബിൾ വായനയും ധ്യാനവും ***1ാം വാക്യത്തിൽ*** വിവരിച്ചിരിക്കുന്ന വ്യക്തിയിൽ എന്ത് സ്വാധീനം ചെലുത്തുന്നു എന്ന് വിവരിക്കുക?

   ______

   B) ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന വ്യക്തിയെ വിവരിക്കാൻ സങ്കീർത്തനക്കാരൻ എന്ത് ദൃഷ്ടാന്തമാണ് ഉപയോഗിക്കുന്നത്? ***(വാക്യം 3)***

   ______

   C) ദൈവത്തിന്റെ ന്യായപ്രമാണങ്ങൾ അനുസരിക്കാത്തവരെ സങ്കീർത്തനക്കാരൻ എങ്ങനെ വിവരിക്കുന്നു? ***(വാക്യങ്ങൾ 4 & 5)***

   ______

3. ***ഇനിപ്പറയുന്ന ഓരോ വാക്യത്തിനും ശരിയോ അല്ലെങ്കിൽ തെറ്റോ എന്ന് എഴുതുക:*** / 4

   A) ബൈബിൾ വായിക്കുന്നത് നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം കണ്ടെത്താൻ നമ്മെ സഹായിക്കുന്നു. ______

   B) ബൈബിൾ ചിട്ടയായിരിക്കുമ്പോൾ വായിക്കുന്നതാണ് നല്ലത്. ______

   C) ബെബിൾ ആദ്യം എഴുതിയത് ഇംഗ്ലീഷിലാണ്. ______

   D) ബൈബിൾ വായിക്കുന്നതിനുമുമ്പ്, നമ്മുടെ വായന ആസ്വാദ്യകരവും പ്രയോജനപ്രദവുമാക്കാൻ നാം ദൈവത്തോട് അപേക്ഷിക്കണം ______

4. **നിങ്ങൾ ബൈബിൾ വായിക്കുകയോ പഠിക്കുകയോ ചെയ്യുമ്പോൾ അത്യന്താപേക്ഷിതമായ മൂന്ന് കാര്യങ്ങൾ നിങ്ങളുടെ സ്വന്തം വാക്കുകളിൽ പട്ടികപ്പെടുത്തുകയും വിശദീകരിക്കുകയും ചെയ്യുക.** / 6

   A) ______

   B) ______

   C) ______

5. ***യോഹന്നാൻ 3: 16–21*** **വായിക്കുക. ഈ ഭാഗം നമ്മോട് പറയുന്ന ഒരു കാര്യം നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക:** / 4

   A) ദൈവം ആരാണെന്നും അവൻ എന്തുചെയ്യുന്നുവെന്നും ______

   B) കർത്താവായ യേശുക്രിസ്തുവിനെ കുറിച്ച്. ______

   C) എന്റെ രക്ഷയെക്കുറിച്ച്. ______

   D) ദൈവത്തെ പ്രസാദിപ്പിക്കാൻ ഞാൻ എങ്ങനെ ജീവിക്കണം എന്നതിനെക്കുറിച്ച്. ______

**ചിന്തിക്കുക:** ബൈബിൾ വായനയും ധ്യാനവും എന്റെ ജീവിതത്തിൽ മുൻഗണന നൽകുന്നതിന് ഞാൻ എന്ത് നടപടികളാണ് സ്വീകരിക്കേണ്ടത്?

ആകെ മാർക്ക് / 25 ആകെ യൂണിറ്റ് മാർക്ക് / 100

© Bible Educational Services | Visit : www.besweb.com | 6/2022

# ബൈബിൾ ടൈം
സമഗ്ര പഠനം

bes bible educational services

# A1-ബൈബിൾ

## പാഠം 3 - ദൈവവചനം

**വായനഭാഗം:**

**1 കൊരിന്ത്യർ 2:11–16**

**താക്കോൽ വാക്യം:**

**"പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവ കല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ". 2 പത്രോസ് 1:21**

ബൈബിൾ ദൈവനിശ്വാസീയം ആണെന്ന് അവകാശപ്പെടുന്നു എന്ന സത്യം കഴിഞ്ഞ പാഠത്തിൽ നാം പഠിച്ചു. അതിന്റെ എഴുത്തുകാർ എഴുതിയപ്പോൾ ദൈവം അവരെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തു എന്നാണ് ഇതിനർത്ഥം. ബൈബിളിൽ നാൽപ്പതോളംഎഴുത്തുകാർ ഉണ്ടെന്ന് നാം കണ്ടുകഴിഞ്ഞു. എന്നിരുന്നാലും, ഇതിന് ഒരു രചയിതാവ് മാത്രമേയുള്ളൂ അത് ദൈവം തന്നെയാണ്. അതിനാൽ ഇത് "ദൈവത്തിന്റെ വചനം" എന്ന് വിശേഷിപ്പിക്കപ്പെടുന്നു. ബൈബിൾ ദൈവവനിശ്വാസീയംആണെന്നുള്ള സത്യം ബൈബിളിൽ ഉടനീളം തെളിവായി കാണുന്നുണ്ട്.

### പഴയ നിയമം

***പുറപ്പാട് 20:1*** ൽ മോശെഎഴുതി, ***"ദൈവം ഈ വാക്കുകളെല്ലാം അരുളിച്ചെയ്തു"***. അഞ്ഞൂറോളം സ്ഥലങ്ങളിൽ താൻ ദൈവത്തിന്റെ വചനങ്ങൾ എഴുതുകയാണെന്ന് മോശെ അവകാശപ്പെട്ടു.

പിന്നീട്, ദാവീദ് പറഞ്ഞു, ***"യഹോവയുടെ ആത്മാവ്എന്നിൽ സംസാരിക്കുന്നു; അവന്റെ വചനം എന്റെ നാവിന്മേൽ ഇരിക്കുന്നു" (2 ശമുവേൽ 23:2)***

***"യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായി"*** എന്ന് യിരെമ്യാവ് പല സന്ദർഭങ്ങളിലും പറഞ്ഞിട്ടുണ്ട്. ***(യിരെമ്യാവ് 2: 1&2)***

***"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു"*** എന്ന പ്രയോഗം പഴയനിയമത്തിൽ 400ലധികം തവണ രേഖപ്പെടുത്തിയിട്ടുണ്ട്.

### പുതിയ നിയമം

താൻ പറഞ്ഞ വാക്കുകൾ കൃത്യമായി ഓർക്കുവാൻ ദൈവം തന്റെ അപ്പോസ്തലന്മാരെ സഹായിക്കുമെന്ന് യേശു വാഗ്ദാനംചെയ്തു. നാല് സുവിശേഷങ്ങളിലും ഇവ രേഖപ്പെടുത്തിയിട്ടുണ്ട്.തന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം അപ്പോസ്തലന്മാർ അറിയേണ്ടതെല്ലാം പരിശുദ്ധാത്മാവ് അവരെ പഠിപ്പിക്കുമെന്നും കർത്താവായ യേശു പറഞ്ഞു. ***"എങ്കിലും പിതാവ് എന്റെ നാമത്തിൽ അയയ്ക്കുവാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോട് പറഞ്ഞതുഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹന്നാൻ 14:26).***

പുതിയ നിയമത്തിലെ പകുതിയിലധികം ലേഖനങ്ങൾ എഴുതിയ പൗലോസ് പറയുന്നത് ഇപ്രകാരമാണ്.

***"ഞാൻ കർത്താവിൽ നിന്ന് പ്രാപിക്കുകയും നിങ്ങൾക്കുഏല്പിക്കുകയും ചെയ്തത് എന്തെന്നാൽ " (1കൊരിന്ത്യർ 11:23)***

***"ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോട് പറയുന്നു." (1തെസ്സലൊനീക്യർ 4:15)***

***"അതു ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല, ആത്മാവു ഉപദേശിക്കുന്ന വചനങ്ങളാൽ തന്നേ പ്രസ്താവിച്ചുകൊണ്ടു ആത്മികന്മാർക്കു ആത്മികമായതു തെളിയിക്കുന്നു.." (1 കൊരിന്ത്യർ 2:13)***

### എങ്ങനെയാണ് ദൈവം താൻ ആഗ്രഹിക്കുന്നത് എഴുതുവാൻ മനുഷ്യരെ സഹായിച്ചത്?

പൗലോസിന്റെയും യോഹന്നാന്റെയും രചനാരീതി വ്യത്യസ്തമാണ്. യിരമ്യാവിന്റെയും യെശയ്യാവിന്റെയും എഴുത്തുകളുടെ ശൈലികൾക്ക് വ്യത്യാസം ഉണ്ട്. ഈ എഴുത്തുകാരുടെ ഹൃദയവും അവരുടെ വ്യക്തിത്വങ്ങളും അവരുടെ രചനകളിൽ പ്രതിഫലിച്ചിരുന്നു. പേനകളോ കമ്പ്യൂട്ടറുകളോ പോലെയുള്ള ജീവനില്ലാത്ത വസ്തുക്കളെപ്പോലെയല്ല ദൈവം അവയെ ഉപയോഗിച്ചത്! ദൈവം എഴുത്തുകാരെ ഈ ദൗത്യത്തിനായി സജ്ജമാക്കി, ഉദാഹരണത്തിന്, അവരുടെ ജനന സ്ഥലവും സമയവും, അവരുടെ പശ്ചാത്തലവും വിദ്യാഭ്യാസവും ക്രമീകരിച്ചു



കൊണ്ടാണ് ദൈവം അവരെ ഈ പ്രത്യേക ശുശ്രൂഷയ്ക്കു വേണ്ടി ഒരുക്കിയെടുത്തത്. ദൈവം തങ്ങൾക്ക് വെളിപ്പെടുത്തിയ സത്യങ്ങൾ അവർ രേഖപ്പെടുത്തുകയും ചെയ്തു.

### എന്തുകൊണ്ടാണ് ദൈവം ബൈബിൾ എഴുതുവാൻ മനുഷ്യരെ സഹായിച്ചത്?

നാം തന്നെക്കുറിച്ചുള്ള സത്യം അറിയണമെന്ന് ദൈവം ആഗ്രഹിച്ചു, ഉദാഹരണത്തിന്, അവൻ നമ്മെ എത്രമാത്രം സ്നേഹിക്കുന്നുവെന്നും നമുക്ക് എങ്ങനെ നിത്യജീവൻ നേടാമെന്നും നാം അറിയണമെന്ന് അവൻ ആഗ്രഹിച്ചു. ദൈവം ഈ കാര്യങ്ങൾ പ്രവാചകന്മാരിൽ കൂടെയും അപ്പോസ്തലന്മാരിൽ കൂടെയും വെളിപ്പെടുത്തി.

### എന്തുകൊണ്ടാണ് ദൈവത്തിന്റെ വെളിപ്പാട് എഴുതപ്പെടേണ്ടി വന്നത്?

വളരെക്കാലം മുമ്പ് ദൈവം തന്നെത്തന്നെ നേരിട്ട് വെളിപ്പെടുത്തിയത് കുറച്ച് ആളുകൾക്ക് മാത്രമാണ്. ദൈവം പറഞ്ഞത് എന്താണെന്ന് പിന്നീട് ജീവിച്ചിരുന്നവർക്ക് അറിയാൻ രണ്ട് വഴികളേ ഉണ്ടായിരുന്നുള്ളൂ. അവന്റെ വചനം തലമുറകളിൽ നിന്ന് തലമുറകളിലേക്ക് വാമൊഴിയായി കൈമാറാം, അല്ലെങ്കിൽ അത് എഴുതി കൈമാറാം. അത് എന്നെന്നേക്കുമായി സംരക്ഷിക്കപ്പെടാനുള്ള കൃത്യമായ മാർഗ്ഗം അത് എഴുതുക എന്നതായിരുന്നു. ലോകത്തിനും സഭയ്ക്കും എനിക്കും വേണ്ടിയുള്ള ദൈവ വചനങ്ങളാണിവയെന്ന് നാം പരിഗണിക്കുമ്പോൾ, ബൈബിളിനെ നാം എത്രമാത്രം വിലമതിക്കണം!



ഗുട്ടൻബർഗ്ബൈബിൾ, 15 - നൂറ്റാണ്ടിന്റെ മധ്യത്തിൽ ആദ്യം അച്ചടിച്ച ബൈബിൾ

**ബൈബിൾ എന്ന പഠനത്തിന്റെ രണ്ട് യൂണിറ്റുകളിൽ ആദ്യത്തേത്.**

# ബൈബിൾ ടൈം
സമഗ്ര പഠനം

bible educational services

## A1-ബൈബിൾ

## പാഠം 4 - വായിക്കുവാനുള്ള പുസ്തകം

വായനഭാഗം:

**സങ്കീർത്തനം 119: 97 – 105**

താക്കോൽ വാക്യം:

**"നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു". സങ്കീർത്തനം119: 105"**

കുഞ്ഞുങ്ങൾക്ക് വളരണമെങ്കിൽ പാൽ ആവശ്യമാണ്. അതുപോലെ പുതിയ ക്രിസ്തീയ വിശ്വാസികൾക്ക് ക്രിസ്തീയ ജീവിതത്തിൽ വളരണമെങ്കിൽ ദൈവവചനം എന്ന ആത്മീക "*പാൽ*" ആവശ്യമാണ്. *"ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷെക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ" (1 പത്രോസ് 2: 2)*

യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിക്കുന്നതിനെക്കുറിച്ചു *സങ്കീർത്തനം 1* ൽ പരാമർശിക്കുന്നുണ്ട്. ***"യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ രാപകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ" (സങ്കീർത്തനം1:2).*** ദൈവവചനം ധ്യാനിക്കുക എന്നതിനർത്ഥം അതിന്റെ അർത്ഥത്തെക്കുറിച്ച് ചിന്തിക്കുകയും നമ്മുടെ അനുദിന സാഹചര്യങ്ങളിൽ അത് പ്രയോഗിക്കുകയും ചെയ്യുക എന്നതാണ്. ഈ നിലയിലുള്ള ഒരു ധ്യാന ജീവിതം ദൈവത്തിനായി ഫലം പുറപ്പെടുവിക്കുന്ന ശക്തമായ ആത്മീയ ജീവിതമായിരിക്കും. ***"അവൻ, ആറ്റരികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതും ഇലവാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും; അവൻ ചെയ്യുന്നതൊക്കെയും സാധിക്കും". (സങ്കീർത്തനം1:3).***




ലോകചരിത്രത്തിൽ ഏറ്റവും അധികം അച്ചടിച്ച ഗ്രന്ഥം ബൈബിൾ ആണ്

### ഞാൻ എന്ത് വായിക്കണം?

നിങ്ങൾക്കറിയാവുന്നതുപോലെ, ബൈബിൾ ഒരു ഗ്രന്ഥശാലയാണ്. ആദ്യം മുതൽ അവസാനം വരെ വായിക്കാൻ ശ്രമിക്കുന്നതിനു പകരം, അതിലെ ഏതെങ്കിലും ഒരു പുസ്തകം തിരഞ്ഞെടുത്ത് ആരംഭിക്കുന്നത് സഹായകമായിരിക്കും.

**ഉല്പത്തി** എല്ലാം ആരംഭിച്ചത് എങ്ങനെയാണ്.

**യോഹന്നാന്റെ സുവിശേഷം** യേശു വ്യക്തികളെ കണ്ടുമുട്ടുന്നു.

**അപ്പോസ്തലപ്രവൃത്തികൾ** സഭയുടെ ആരംഭം.

ബൈബിൾ ക്രമീകൃതമായ രീതിയിൽ പഠിക്കുകയും പഠന വിവരങ്ങൾ സൂക്ഷിച്ചു രേഖപ്പെടുത്തി വെക്കുന്നതും നല്ല ഒരു മാതൃകയാണ്.

നിങ്ങളെ സഹായിക്കുന്നതിന് ധാരാളം ബൈബിൾ വായനാ പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.



ബൈബിൾ ഓൺലൈനിലും വായിക്കാവുന്നതാണ്

***https://www.biblegateway.comhttps://www.biblica.com***

### ഏത് ബൈബിളാണ് ഞാൻ ഉപയോഗിക്കേണ്ടത്?

ബൈബിളിന്റെ വിവിധ വിവർത്തനങ്ങൾ ഉണ്ട്. ബൈബിൾ ആദ്യം 2 മൂല ഭാഷകളിൽ എഴുതിയിരുന്നതായി നാം നേരത്തെ മനസ്സിലാക്കിയിരുന്നു. നിലവിലുള്ള വിവിധ വിവർത്തനങ്ങൾ ഈ യഥാർത്ഥ ഭാഷകളുടെ അർത്ഥം നമ്മിലേക്ക് എത്തിക്കാൻ അല്പം വ്യത്യസ്തമായ വാക്കുകളിൽ ശ്രമിക്കുന്നു. നമുക്ക് സൗകര്യപ്രദവും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്നതും എന്നാൽ വിശ്വസനീയവും കൃത്യവും അറിയാവുന്നതുമായ വിവർത്തനം തിരഞ്ഞെടുക്കണം. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ബൈബിൾ ആണ് ഈ പാഠപദ്ധതിയിൽ ഉപയോഗിച്ചിരിക്കുന്നത്.

### എങ്ങനെ ഈ കാര്യങ്ങൾ പ്രായോഗികമാക്കാം ?

താങ്കൾ ബൈബിൾ ശരിയായ രീതിയിൽ വായിക്കുവാൻ മൂന്ന് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. **പ്രാർത്ഥന –** ബൈബിൾ ദൈവവചനമാണ്. അത് വായിക്കുന്നതിന് മുമ്പ് ദൈവം വചനത്തിലൂടെ എന്നോട് സംസാരിക്കാൻ ദൈവത്തോട് ആവശ്യപ്പെടുക. താങ്കളുടെ പ്രാർത്ഥന നീണ്ടുനിൽക്കേണ്ടതില്ല. ***സങ്കീർത്തനം 119:18*** ഒരു ബൈബിൾ വായനക്കാരന്റെ പ്രാർത്ഥനയുടെ ഉത്തമ ഉദാഹരണമാണ്: "***നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന്നു എന്റെ കണ്ണുകളെ തുറക്കേണമേ***".

2. **ശ്രദ്ധ –** ബൈബിളിന്റെ അർത്ഥം ചിലപ്പോൾ തെറ്റിദ്ധരിക്കാൻ സാധ്യതയുണ്ട്. ബൈബിളിന്റെ മറ്റ് ഭാഗങ്ങളുമായി താരതമ്യം ചെയ്യാതെ ഒരു വാക്യമോ ഭാഗമോ സ്വന്തമായി വായിക്കുമ്പോഴാണ് ഇത് പ്രധാനമായും സംഭവിക്കുന്നത്. ബൈബിളിന്റെ മാർജിനിലോ പേജിന്റെ. താഴെയോ റഫറൻസുകൾ ഉണ്ടായിരിക്കാം. ഇതേ വിഷയത്തെക്കുറിച്ച് മറ്റു വാക്യങ്ങൾ എന്താണ് പറയുന്നതെന്ന് നോക്കുന്നത് നല്ലതാണ്.

3. **ഉദ്ദേശം –** ദൈവം താങ്കൾക്ക് ഒരു മനസ്സ് തന്നിരിക്കുന്നു! താങ്കൾ വായിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാൻ അത് ഉപയോഗിക്കണം. ബൈബിളിന് നിങ്ങളെ എന്ത് പഠിപ്പിക്കാൻ കഴിയുമെന്ന് കാണാൻ ഉറ്റുനോക്കുക. നിങ്ങൾ ബൈബിൾ വായിക്കുമ്പോഴെല്ലാം ചോദിക്കേണ്ട ചോദ്യങ്ങളുടെ ഉദാഹരണങ്ങളാണ് ഇനിപ്പറയുന്നവ:

ഈ വേദഭാഗം എന്നോട് എന്താണ് പറയുന്നത്:

1. ദൈവം ആരാണെന്നും അവൻ എന്തൊക്കെ ചെയ്യുന്നു?
2. കർത്താവായ യേശുക്രിസ്തുവിനെ കുറിച്ച് എന്ത് പറഞ്ഞിരിക്കുന്നു ?
3. എന്റെ ആ രക്ഷയെ കുറിച്ച് എന്താണ് പറയുന്നത് ?
4. ദൈവത്തെ പ്രസാദിപ്പിക്കാൻ ഞാൻ എങ്ങനെ ജീവിക്കണം ?

**ബൈബിൾ എന്ന പഠനത്തിന്റെ രണ്ട് യൂണിറ്റുകളിൽ ആദ്യത്തേത്.**

© Bible Educational Services | Visit : www.besweb.com | 6/2022